(ബി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

നാണയക്കഴപ്പ്

*൪൭൫. (൪൦) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഫെബ്രുവരി ൨൦ ഒക്ടോബർ ൪-ാംതീയതിയിൽ ആലപ്പുഴ ട്രഷറിയിൽ ടോക്കൺ-ാംനമ്പർ റേഷൻ ഡിപ്പോയ്ക്കുവേണ്ടി പുന്നപ്ര കെ. പി. ജോൺ തിരുവിതാംകൂർ നാണയങ്ങൾ കൊടുക്കിയ അവസരത്തിൽ ട്രഷറി ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങിയതിനെ സംബന്ധിച്ചു ഗവൺമെണ്ടിലേക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ഡിപ്പാർട്ടുമെണ്ടുമുഖാന്തിരം ഒരു അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

വിഴിഞ്ഞം ഡിസ്പെൻസറി

*൪൭൬. (൪൫) ശ്രീ. എസ്സ്. കുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൻകര താലൂക്കിൽ വിഴിഞ്ഞം എന്ന സ്ഥലത്തു നടത്തിവരുന്ന ഡിസ്പെൻസറി വാടകകെട്ടിടത്തിലാണോ നടത്തിവരുന്നത്?

(ബി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തിവരുന്ന കെട്ടിടം ജീർണ്ണിച്ചുവീരിക്കുന്നു എന്ന വിവരം ബഹു. മെഡിക്കൽവകുപ്പുമന്ത്രി അറിയുകയും നേരിട്ടു സ്ഥലത്തുപോയി കാണുകയും ചെയ്തിട്ടുണ്ടോ?

(സി) വിഴിഞ്ഞം ഡിസ്പെൻസറി നടത്തുന്നതിനുള്ള പുതിയ കെട്ടിടത്തിന്റെ അസ്ഥിവാരം ഇട്ടിട്ടുണ്ടോ?

(ഡി) ഇട്ടിട്ടുണ്ടെങ്കിൽ അതു എപ്പോഴാണ്?

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനു ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അതേ.

(ബി) കണ്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഫെബ്രുവരി ൨൦-ൽ.

(ഇ) കെട്ടിടം പണി ഗവൺമെണ്ടുതന്നെ നടത്തുവാനാണുദ്ദേശം.

LAND REVENUE

*474. [42] **Sri. P. K. Krishnankutty Menon :** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the Land Revenue now payable per acre of wet and dry lands in the Travancore-Cochin portions of this State ;

(*b*) whether the Government have received complaints from the landlords of the Cochin area in respect of the difference in this matter ;

(*c*) what steps if any have the Government taken to make the taxation uniform ?

LIBRARY ARCHIVES Kerala Legislative Assembly